ദേശാഭിമാനി
വാരാന്തപ്പതിപ്പ്

2014 നവംബർ 30 ഞായർ

deshsunday@gmail.com

ഒന്നിക്കുക അത്ര എളുപ്പമല്ല; വിഘടിച്ചുനിൽക്കാൻ അനവധി കാരണങ്ങളുള്ളപ്പോൾ. വിഘടിപ്പിക്കാനുള്ള കുതന്ത്രങ്ങളുമായി സ്ഥാപിത താൽപര്യക്കാർ അധികാരത്തിന്റെ കരുത്തിൽ തക്കംപാർത്തിരിക്കുമ്പോൾ വിശേഷിച്ചും. ഈ പശ്ചാത്തലത്തിലാണ് ഒരുമയുടെ സന്ദേശവുമായി ശ്രീ എം അസാധാരണമായ ഒരു യാത്രയ്ക്കൊരുങ്ങുന്നത്. കന്യാകുമാരിമുതൽ കശ്മീർവരെ പദയാത്ര! പ്രത്യാശയുടെ പ്രകാശം വിതറിക്കൊണ്ടുള്ള സഞ്ചാരത്തിൽ ആർക്കും ഒപ്പം കൂടാം

ഒരുമയ്ക്ക് ഒരുമിച്ച് ഒരു യാത്ര

ശ്രീ എം

ബി അബുരാജ്
aburaj@gmail.com

അസാധാരണമായ ഒരു യാത്രയ്ക്കൊരുങ്ങുകയാണ് ശ്രീ എം. കന്യാകുമാരിമുതൽ കശ്മീർവരെ പദയാത്ര! അറുപത്താറാം വയസ്സിൽ യൗവനത്തിന്റെ ചുറുചുറുക്കോടെ. ഒന്നരവർഷംകൊണ്ട് 6500 കിലോമീറ്ററുകൾ. ഈ യാത്രയിൽ അദ്ദേഹം ഒറ്റയ്ക്കല്ല; ഒരുപിടി ലക്ഷ്യങ്ങളുണ്ട് കൂട്ടിന്. വിശ്വാസങ്ങളുടെ സഹവർത്തിത്വം, സമത്വം, സുസ്ഥിരജീവിതം, സ്ത്രീശാക്തീകരണം, സാമൂഹ്യ ആരോഗ്യം, വിദ്യാഭ്യാസം, യുവജനതയുടെ സമഗ്രവികസനം തുടങ്ങി ജീവിതത്തെ കൂടുതൽ മനോഹരമാക്കാനുള്ള ആശയങ്ങൾ. പ്രത്യാശയുടെ പ്രകാശം വിതറിക്കൊണ്ടുള്ള സഞ്ചാരത്തിൽ ആർക്കും ഒപ്പം കൂടാം- മതവിശ്വാസങ്ങളുടെ ബന്ധനങ്ങളില്ലാതെ, രാഷ്ട്രീയ പരിഗണനകളില്ലാതെ, പദവികളുടെ ഭാരങ്ങളില്ലാതെ... യാത്രികർ അന്തിയുറങ്ങുന്നത് എവിടെയുമാകാം. ചിലപ്പോൾ ക്ഷേത്രങ്ങളിൽ, മറ്റു ചിലപ്പോൾ മുസ്ലിംപള്ളികളിൽ. ക്രിസ്തീയ ആരാധനാലയങ്ങളിൽ, ഗുരുദ്വാരകളിൽ, അതുമല്ലെങ്കിൽ മതബന്ധമേതുമില്ലാത്ത പൊതുസ്ഥലങ്ങളിൽ, തുറസ്സായ ഇടങ്ങളിൽ. മുഴുവൻ മനുഷ്യരോടും എം പറയുന്നു. ''വരൂ നമുക്ക് ഒപ്പം നടക്കാം. പരസ്പരം സംവദിക്കാം''.

ഒന്നിക്കുക അത്ര എളുപ്പമല്ല; വിഘടിച്ചുനിൽക്കാൻ അനവധി കാരണങ്ങളുള്ളപ്പോൾ. വിഘടിപ്പിക്കാനുള്ള കുതന്ത്രങ്ങളുമായി സ്ഥാപിത താൽപ്പര്യക്കാർ അധികാരത്തിന്റെ കരുത്തിൽ തക്കംപാർത്തിരിക്കുമ്പോൾ വിശേഷിച്ചും. ഈ പശ്ചാത്തലത്തിലാണ് ഒരുമയുടെ സന്ദേശവുമായി എമ്മും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സമാനമനസ്കരുടെ കൂട്ടായ്മയായ മാനവ് എക്താ മിഷനും ജനങ്ങൾക്കിടയിലേക്കിറങ്ങുന്നത്. 'പ്രത്യാശയുടെ പദയാത്ര' (The Walk Of Hope) സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12ന് കന്യാകുമാരിയിലെ ഗാന്ധി സ്മൃതിമണ്ഡപത്തിൽ കരൺ സിങ് ഫ്ളാഗ് ഓഫ് ചെയ്യും.

വർഗീയത മഹാവിപത്ത്

വിശ്വാസത്തിലും ആത്മീയതയിലും ഊന്നിക്കൊണ്ടുതന്നെ ജാതീയതയ്ക്കും വർഗീയതയ്ക്കുമെതിരായ കാഴ്ചപ്പാട് ശക്തിപ്പെടുത്തുകയാണ് എമ്മിന്റെ ലക്ഷ്യം. അതിനായി വിവിധ സമുദായങ്ങൾ തമ്മിലുള്ള ആശയവിനിമയം സാധ്യമാകണം. വിശ്വാസം സമാധാനം ഉറപ്പാക്കാനുള്ള ഉപകരണമായിത്തീരണം. സഹവർത്തിത്വത്തിലൂടെയല്ലാതെ സമാധാനജീവിതം സാധ്യമാകില്ല.

മുസ്ലിമായി ജനിച്ച് ഹിമാലയസാനുക്കളിൽ യോഗികളോടൊപ്പം കഴിഞ്ഞ് യോഗവിദ്യയിൽ പ്രാവീണ്യം നേടി, ഉപനിഷത്തുകളെ മാർഗദീപങ്ങളായി ഉൾക്കൊള്ളുന്ന എമ്മിന്റെ ജീവിതംതന്നെയാണ് വിശ്വാസപാരസ്പര്യം സാധ്യമാണെന്നതിന് ഉത്തമ ഉദാഹരണം. കാവിയും രുദ്രാക്ഷവും ധരിച്ച് നാവിൽ വർഗീയവിഷം തുപ്പുന്ന വാക്കുകളുമായി വിശ്വാസികളെ വഴിതെറ്റിക്കുന്ന ആത്മീയവ്യാപാരികളുടെയും ആൾദൈവങ്ങളുടെയും വഴിയല്ല അദ്ദേഹത്തിന്റേത്. ''നിങ്ങൾ വിയോജിച്ചോളൂ... പക്ഷേ നമുക്ക് തുടർന്നും സംസാരിച്ചുകൊണ്ടിരിക്കാമല്ലോ. അങ്ങനെ പരസ്പരം മനസ്സിലാക്കാനുള്ള ശ്രമം തുടരാം...'' എന്ന് എം പറയുമ്പോൾ മലയാളി ഓർത്തുപോകുന്നത് ആലുവയിൽ 1924ൽ സർവമത സമ്മേളനം വിളിച്ചുചേർത്തപ്പോർ കവാടത്തിൽ എഴുതിവയ്ക്കാൻ ശ്രീനാരായണഗുരു നിർദേശിച്ച വാക്കുകളാകാം. 'വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ്' എന്നായിരുന്നു ആ വാക്കുകൾ.

മാർക്സിസത്തെയും മിഷണറിമാരെയും മുഖ്യശത്രുക്കളായി പ്രഖ്യാപിച്ചുകൊണ്ട് വെറുപ്പിന്റെ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കുന്നവർ ഈ സമീപനത്തോട് എന്ത് നിലപാടെടുക്കുമെന്ന് കാത്തിരുന്നു കാണേണ്ടതുണ്ട്. കെ ആർ മൽക്കാനിയെയും നാനാജി ദേശ്മുഖിനെയുംപോലുള്ള ആർഎസ്എസ് പ്രധാനികളുമായി എമ്മിന് ഒരുകാലത്ത് അടുത്ത ബന്ധമുണ്ടായിരുന്നു. തന്റെ ആത്മകഥയിൽ (Apprenticed to a Himalayan Master) അവരുടെ പരിശ്രമശാലിത്വത്തെയും അച്ചടക്കത്തെയും ഒരു വാചകത്തിലാണെങ്കിലും പ്രശംസിക്കുവോളം ആ ബന്ധത്തിന് വ്യാപ്തിയുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെയാകാം അവരെയും സംവാദത്തിന്റെ തട്ടകത്തിലേക്ക് കൊണ്ടുവരികയും മാനവമൈത്രി എന്ന ആശയത്തിൽ ഒരുമിപ്പിക്കാനായി പരിവർത്തനം ചെയ്യിക്കുകയും വേണമെന്ന് അദ്ദേഹം പറയുന്നത്.

എന്താണ് എം

ഈ ചോദ്യത്തിന് ഉത്തരം കിട്ടാൻ നമുക്കൊരു ജീവിതപാഠം മറിച്ചുനോക്കേണ്ടതുണ്ട് 1948ൽ തിരുവനന്തപുരത്ത് പുരോഗമന വീക്ഷണം വച്ചുപുലർത്തിയ ഒരു മുസ്ലിംകുടുംബത്തിൽ ജനിച്ച മുംതാസ് അലിഖാന്റെ ജീവിതകഥ. മാർത്താണ്ഡവർമയുടെ കാലത്ത് ഉത്തരേന്ത്യയിൽനിന്ന് കുടിയേറിയവരാണ് മുംതാസിന്റെ പൂർവപിതാക്കന്മാർ. കുട്ടിക്കാലത്ത് പിശാചുക്കളെ പേടിസ്വപ്നം കണ്ടിരുന്ന മുംതാസ് ഹോളി ഏഞ്ചൽസ് സ്കൂളിലും മോഡൽ സ്കൂളിലും വിദ്യാർഥിയായി. കെട്ടിനിർമാണക്കരാർപണിയും പാഴ്കടലാസുകളുടെ വ്യാപാരവും നടത്തിയിരുന്ന അച്ഛന്റെ സാമ്പത്തികസ്ഥിതി മെച്ചമായിരുന്നു. തന്റെ സഹോദരിമാരെപ്പോലെ ഉന്നതവിദ്യാഭ്യാസം നേടി മെച്ചപ്പെട്ട ഉദ്യോഗം നേടാൻ മുംതാസ് അലിക്കും സാധിച്ചേനെ. (സഹോദരിമാരിലൊരാൾ കർണാടകത്തിൽ മുതിർന്ന ഐഎഎസ് ഓഫീസറായിരുന്നു). പക്ഷേ അയാളുടെ വഴി വ്യത്യസ്തമായിരുന്നു. പത്തൊമ്പതാം വയസ്സിൽ മുംതാസ് വീടുവിട്ടിറങ്ങി. ആത്മീയാനുഭവങ്ങൾ തേടി ഹിമാലയത്തിലേക്കായിരുന്നു യാത്ര. ഒമ്പതാം വയസ്സിൽ ഉണ്ടായതായി ആത്മകഥയിൽ രേഖപ്പെടുത്തുന്ന ഒരു സംഭവം ഇതിന് കാരണമായിട്ടുണ്ടാകാം. തിരുവനന്തപുരം വഞ്ചിയൂരിൽ അംബുജവിലാസം റോഡിലാണ് അക്കാലത്ത് താമസം. വെളിച്ചം മങ്ങിത്തുടങ്ങിയ സന്ധ്യയിൽ വീട്ടുവളപ്പിലെ പ്ലാവിൻ ചുവട്ടിൽ അപരിചിതനായ ഒരു 'വിചിത്രമനുഷ്യ'നെ മുംതാസ് കണ്ടു. അയാൾ കാതിൽ ചെമ്പു കർണകുണ്ഡലം അണിഞ്ഞിരുന്നു. 'കുഛ് യാദ് ആയി' (എന്തെങ്കിലും ഓർക്കുന്നുണ്ടോ) അയാൾ ചോദിച്ചു.

വീട്ടിൽ ഉറുദുവിന്റെ വകഭേദമായിരുന്ന ദഖ്നിയായിരുന്നു സംസാരഭാഷയെന്നതുകൊണ്ട് ചോദ്യം മുംതാസിന് മനസ്സിലായി.

'നഹി' (ഇല്ല) എന്നു മറുപടി.

'ബാദ് മേം മാലും ഹോ ജായേഗാ' (പിന്നീട് എല്ലാം മനസ്സിലായിക്കൊള്ളും) എന്നായി അപരിചിതൻ. അതിനുശേഷം അയാളുടെ കണ്ണുകൾ തന്നെ പിന്തുടരുന്നതായി തോന്നിയെന്ന് എം എഴുതുന്നു. ഈ അനുഭവത്തിന്റെ തുടർച്ചതന്നെയായിരുന്നു ഹിമാലയൻ യാത്ര. അവിടെ അദ്ദേഹം ഒരു ഗുരുവിനെ കണ്ടെത്തി- മഹേശ്വർനാഥ് ബാബാജി. ക്രിയായോഗയെന്ന പുരാതനയോഗവിദ്യ വീണ്ടെടുത്തതായി കരുതപ്പെടുന്ന മഹാവതാർ ബാബാജിയുടെ ശിഷ്യൻ. യോഗികളുടെ 'നാഥ' സമ്പ്രദായത്തിൽ മുംതാസിനെയും അദ്ദേഹം കണ്ണിചേർത്തു. നാഥസമ്പ്രദായത്തെപ്പറ്റി മഹേശ്വർനാഥിന്റെ വാക്കുകളിലൂടെ എം വിവരിക്കുന്നത് ഇങ്ങനെ.

''വളരെ പ്രാചീനമാണ് നാഥ സമ്പ്രദായം. ശിവമഹാദേവ് ആണ് ഈ സമ്പ്രദായത്തിന്റെ സ്ഥാപകൻ. ആദിനാഥ് എന്ന പേരിലും അദ്ദേഹം അറിയപ്പെടുന്നു. അടുത്ത ആചാര്യൻ മഹാനായ മത്സ്യേന്ദ്രനാഥ് ആയിരുന്നു... നാഥന്മാർ അസാമാന്യ കഴിവുള്ള യോഗികളായിരുന്നു. യോഗവിദ്യയെ സംബന്ധിക്കുന്ന സുപ്രധാന കൃതിയികൾ രചിച്ചിട്ടുള്ളത് അവരായിരുന്നു. ഗോരക്ഷശതകം, ഘോരണ്ഡസംഹിത, ഹഠയോഗ പ്രദീപിക തുടങ്ങിയ കൃതികൾ നാഥയോഗികൾ രചിച്ചവയാണ്. ആസനങ്ങൾ, പ്രാണായാമം, ക്രിയായോഗം, ബന്ധങ്ങൾ, മുദ്രകൾ എന്നിവയിൽ പരിശീലനങ്ങൾ നടത്തിയിട്ടുള്ളതും പൂർണത കൈവരിച്ചിട്ടുള്ളതും അവരാണ്''.

നാഥസമ്പ്രദായത്തിന്റെ ഭാഗമായതോടെ മുംതാസിന്റെ പേര് മധുകർനാഥ് എന്ന് മാറ്റി. അതിന്റെ ചുരുക്കമാണ് 'എം'. എങ്കിലും ഹിമാലയത്തിൽ യോഗിയുടെ ജീവിതം നയിക്കുകയല്ല നിന്റെ നിയോഗമെന്ന് എമ്മിനോട് ഗുരു പറഞ്ഞു. 'താഴ്വരയിലേക്കു മടങ്ങുക. സാധാരണ ജീവിതം നയിക്കുക. പക്ഷേ ജനങ്ങൾക്കായി പ്രവൃത്തിയെടുക്കുക' ഇതായിരുന്നു ഗുരു നിർദേശത്തിന്റെ പൊരുൾ.

തിരുവനന്തപുരത്ത് മടങ്ങിയെത്തി അച്ഛനമ്മമാരോടും സഹോദരിമാരോടുമൊപ്പം കുറെനാൾ ചെലവഴിച്ചു. പിന്നീട് അജ്മീറിലേക്കു പോയി. അവിടെ സൂഫിസന്യാസിമാർക്കൊപ്പം. ജലാലുദീൻ റൂമി എഴുതിയ 'മസ്നവി' പഠിച്ചു. റൂമിയുടെതന്നെ ഗദ്യകൃതി ഫിഹി മാഫിഹിയും (അതാണ്, എന്നാൽ അത് അല്ല) വായിച്ചു. അജ്മീറിൽനിന്ന് മടങ്ങിയെത്തിയശേഷം ഫാർമസികോഴ്സ് പഠിക്കാനും കുടുംബം ആരംഭിക്കുന്ന ഫാർമസ്യൂട്ടിക്കൽ സ്ഥാപനം നോക്കിനടത്താനുമാണ് ആദ്യം തീരുമാനിച്ചത്. പക്ഷേ, മനസ്സ് കൊണ്ടുചെന്നെത്തിച്ചത് രാമകൃഷ്ണാശ്രമത്തിൽ. പിന്നീട് ദില്ലിയിൽ പത്രപ്രവർത്തകനായി. മന്ഥൻ, ന്യൂവേവ് തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ പ്രവർത്തിച്ചു. ജിദ്ദു കൃഷ്ണമൂർത്തിയുമായുള്ള പരിചയം അദ്ദേഹത്തെ കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ ഭാഗമാക്കി. അവിടത്തെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ പങ്കാളിയായി. ഇക്കാലത്തുതന്നെയാണ് ബ്രാഹ്മണവിഭാഗത്തിൽപ്പെട്ട സുനന്ദാ സനദിയുമായി എം വിവാഹബന്ധത്തിലേർപ്പെടുന്നത്. അധ്യാപികയായിരുന്നു സുനന്ദ. കൃഷ്ണമൂർത്തി ഫൗണ്ടേഷനിൽനിന്ന് രാജിവച്ചശേഷം എം ആന്ധ്രപ്രദേശിലുള്ള മദനപ്പള്ളിയിൽ താമസമാക്കി. സത്സംഗ് ഫൗണ്ടേഷൻ ആരംഭിച്ചു. വിദ്യാഭ്യാസമേഖലയിലാണ് എം ശ്രദ്ധയൂന്നിയത്. മദനപ്പള്ളി പ്രദേശത്ത് ലംബാനി വിഭാഗത്തിൽപ്പെട്ട ആദിവാസികളാണ് ഏറെയും താമസം. അവരെ മോഷ്ടാക്കളും കൊള്ളക്കാരുമായാണ് പരിഗണിച്ചിരുന്നത്. ലംബാനി കുട്ടികൾക്കായുള്ള ഒരു വിദ്യാലയമാണ് എം ആദ്യം ആരംഭിച്ചത്. പതിനഞ്ചു വിദ്യാർഥികളുമായി തുടക്കം. ഇന്ന് ഇരുന്നൂറിലധികം കുട്ടികൾ ഇവിടെ പഠിക്കുന്നു. എല്ലാവർക്കും സൗജന്യ വിദ്യാഭ്യാസവും ഭക്ഷണവും. കുട്ടികൾ പഠിക്കാൻ തുടങ്ങിയതോടെ മുതിർന്നവരിലും മാറ്റം വന്നുതുടങ്ങി. ഐസിഎസ്ഇ സിലബസിൽ പീപ്പൽ ഗ്രോവ് സ്കൂൾ എന്നൊരു സ്ഥാപനവും പിന്നീട് തുടങ്ങി. ഇവിടെ ഫീസ് വാങ്ങി കുട്ടികളെ പഠിപ്പിക്കുന്നു. പക്ഷേ, ഈ തുക ലംബാനി കുട്ടികൾക്കുള്ള സ്കൂളിനായാണ് ചെലവഴിക്കുന്നത്.

തന്റെ ജീവിതത്തിൽ സംഭവിച്ചിട്ടുള്ള നിഗൂഢ അനുഭവങ്ങളെപ്പറ്റി എം വിശദീകരിക്കുന്നുണ്ട്. അവിശ്വസനീയമായ കഥകളാണ് അവയിൽ മിക്കവയുമെന്നതിൽ തർക്കമില്ല. ആത്മകഥയിൽ ഇവ രേഖപ്പെടുത്തുമ്പോൾ എംതന്നെ ആ വിചാരം പങ്കുവയ്ക്കുന്നുമുണ്ട്. പക്ഷേ, കഴിഞ്ഞ ആറു പതിറ്റാണ്ടിലേറെയായി അദ്ദേഹം കാട്ടിത്തരുന്ന ജീവിതമാതൃകയുണ്ട്. മതവിശ്വാസങ്ങൾക്കപ്പുറം മനുഷ്യനുണ്ട് എന്ന സന്ദേശമുണ്ട്. വർഗീയഭ്രാന്തിനെ ചെറുക്കാൻ സംവാദത്തിന്റെ സാധ്യതകൾ തുറക്കാനുള്ള പ്രയത്നമുണ്ട്. പ്രകൃതിയെ അറിയാനും ആദരിക്കാനുമുള്ള കർമപദ്ധതികളുണ്ട്. നിങ്ങൾ എന്റെ പിന്നാലെ നടക്കൂ എന്ന ഗുരുനാട്യത്തിനപ്പുറം നമുക്കൊരുമിച്ചു നടക്കാമെന്ന സമത്വചിന്തയുണ്ട്. ഇതൊക്കെയായിരിക്കാം മതേതര ജനാധിപത്യവാദികളുമായി സഹകരിക്കാൻ ശ്രീ എമ്മിനുള്ള പ്രചോദനം.